# പഠനത്തിനായി പാതയൊരുക്കാം

# മുന്നേറാം

സ്റ്റാൻഡേർഡ് 7

## മലയാളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം

# ആമുഖം

മാനവരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടിവന്ന മഹാമാരികളിൽ ഒന്നാണ ല്ലോ കോവിഡ് 19. ഇതിന്റെ പശ്ചാത്തലത്തിൽ രണ്ടു വർഷത്തോളം സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയും ഔപചാരിക പഠന പ്രവർത്തനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്തു. സ്കൂളുകൾ അടച്ചിട്ട തുമൂലം ഓരോ പ്രായത്തിലും ഉള്ള കുട്ടികൾക്ക് ലഭിക്കേണ്ട സാമൂഹിക, വൈകാരിക, ബൗദ്ധിക തലങ്ങളിലെ വികാസത്തിനുള്ള അനുഭവങ്ങൾ ലഭിക്കാതെ പോയിട്ടുണ്ട്. എങ്കിലും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്തവിധം ഡിജിറ്റൽ ക്ലാസുകൾ ഉറപ്പാക്കി ഇതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തി, കേരളം ലോകത്തിന് തന്നെ മാതൃകയായി. കോവിഡ് 19 മൂലം കുട്ടികളിൽ പൊതുവായി കാണുന്ന സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഉണ്ടായ പഠന വിടവുകളും അതുമൂലം ഉണ്ടായ പഠനപ്രയാസങ്ങളും കണ്ടെത്തി കൈത്താങ്ങ് നൽകേണ്ടതുണ്ട്. അതിനായിട്ടാണ് ഈ പ്രവർത്തനസഞ്ചയം പ്രസിദ്ധീകരിക്കുന്നത്. ഓരോ പ്രായഘട്ട ത്തിലും കുട്ടികൾ ആർജിച്ചിരിക്കേണ്ട അനുഭവതലവും അതിനായി ഉണ്ടാകേണ്ട അടിസ്ഥാനധാരണകളും നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തിയാണ് ഇത് തയ്യാറാക്കി യിരിക്കുന്നത്. കുട്ടികളുടെ ചിന്താപ്രക്രിയയും വിശകലനശേഷിയും സ്വാധീനിക്കുന്നവിധം വിവിധ മുന്നറിവുകൾ ഉപയോഗിച്ച് ബൗദ്ധികവികാസവും അതുവഴി ഭാഷാവികാസവും പരിപോഷിപ്പിക്കാനുള്ള ഒരു പദ്ധതിക്കാണ് ഇതിലൂടെ തുടക്കമിടുന്നത്.

**ഡയറക്ടർ**

**അധ്യാപകരോട്...**

വൈവിധ്യമാർന്ന ശേഷികളും ആശയ ധാരണകളും നേടുന്നതിന് അനുഗുണമായ വിധത്തിലുള്ള സർഗാത്മക പുനരനുഭവപ്രവർത്തനങ്ങൾ ആയാണ് ഈ കൈപ്പുസ്തകം തയാറാക്കിയിരിക്കുന്നത്. അതോടൊപ്പം ആവശ്യമെങ്കിൽ മുൻകാലത്ത് ലഭ്യമാക്കിയിട്ടുള്ള എന്റെ മലയാളം, നവപ്രഭ, ശ്രദ്ധ തുടങ്ങിയ പഠന സാമഗ്രികളിലെ പ്രവർത്തനങ്ങളും യഥോചിതം പ്രയോജ നപ്പെടുത്താവുന്നതാണ്. മറ്റ് താഴ്ന്ന ക്ലാസുകൾക്കായി നല്കിയിട്ടുള്ള ചില പ്രവർത്തനങ്ങളും ആവശ്യമെങ്കിൽ ഭാഷാശേഷീവികസനത്തിനായി ഉപയോഗിക്കാവുന്നതാണ്.

യു.പി, ഹൈസ്കൂൾ തലങ്ങളിൽ അടിസ്ഥാനപാഠാവലി ആധാരമാക്കിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളതെങ്കിലും കേരളപാഠാവലിയുടെ ക്ലാസ്റൂം പ്രവർത്തനങ്ങൾക്കു കൂടി അനുയോജ്യമായ രീതിയിൽ ഇതിലെ പ്രവർത്തനങ്ങളുടെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ വിവിധങ്ങളായ പഠനപ്രശ്നങ്ങളും പഠനവിടവുകളും പരിഹരിക്കുന്നതിന് ശിശുകേന്ദ്രീകൃതവും പ്രക്രിയാധിഷ്ഠിതവും ജ്ഞാനനിർമിതി സങ്കൽപ്പത്തിന് ഇണങ്ങുന്നതും നിരന്തരവിലയിരുത്തൽ സാധ്യതകൾ പരിഗണിക്കുന്നതുമായ പഠനരീതിയും സമീപനവുമാണ് സ്വീകരിക്കേണ്ടത്. വൈവിധ്യപൂർണമായ പഠനാനുഭവങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്യേണ്ടത്. വൈകാരികമുഹൂർത്തങ്ങൾ, രസകരമായ സംഭവങ്ങൾ, നാടകീയതയുള്ള രംഗങ്ങൾ, കൗതുകം ഉണർത്തുന്ന കാര്യങ്ങൾ, ഭാവന ഉണർത്തുന്ന ഉള്ളടക്കം, താളാത്മകമായ ഭാഷ, ആകർഷകമായ അവതരണം ഇതെല്ലാം കുട്ടികൾക്ക് നൽകുന്ന പഠനപ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ്.

കുട്ടികൾക്ക് താല്പര്യമുള്ള പാട്ടുകൾ, ദൃശ്യങ്ങൾ, സിനിമാഭാഗങ്ങൾ/ഗാനങ്ങൾ, ഷോർട്ട് ഫിലിമുകൾ, നാടൻപാട്ടുകൾ, കലാകായിക പരിപാടികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഡിയോ, വീഡിയോ പഠനസാമഗ്രികൾ മുതലായവ സർഗാത്മകമായി ക്ലാസിൽ പ്രയോജനപ്പെടുത്തണം. ടീച്ചറുടെ നിരന്തരവിലയിരുത്തലിനും ഒപ്പംതന്നെ സ്വന്തം പുരോഗതി സ്വയംവിലയിരുത്താനും കുട്ടിക്കും അവസരം ലഭിക്കണം. ഉള്ളടക്കപരമായി ഉണ്ടായ വിടവ് നികത്തുന്നതിന് വേണ്ടി പാഠഭാഗങ്ങളെ കൂടുതൽ വൈവിധ്യപൂർണ്ണമായ സാമഗ്രികൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നതിന് ഉതകുന്ന മികച്ച പുനരനുഭവങ്ങളും നൽകണം.

ഏറെ പിന്നാക്കം നിൽക്കുന്നവരെ ക്രമേണ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ അധ്യാപകർ ശ്രമിക്കണം. അതിന് ക്ലാസ്റൂം അന്തരീക്ഷം പ്രചോദനാത്മകവും പ്രോത്സാഹജനകവും ആകണം. കുട്ടികളുടെ ഭാഷയും ഭാവനയും സർഗാത്മകതയും വികസിക്കുന്ന വിധത്തിലുള്ള ഊർജസ്വലമായ അന്തരീക്ഷം ക്ലാസിലുണ്ടാവണം. എല്ലാ കുട്ടികൾക്കും വ്യക്തിഗതമായ ശ്രദ്ധ ലഭിക്കുന്നു എന്ന് പ്രത്യേകം ഉറപ്പുവരുത്തുകയും വേണം. അധ്യാപകന്റെ ഭാഷയിലും പെരുമാറ്റത്തിലും ഇടപഴകലിലും പിന്തുണയിലും എല്ലാം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വൈകാരികതലം കുട്ടിക്ക് അനുഭവപ്പെടണം.

അധ്യാപകന്റെ ബോർഡ് എഴുത്തും ചാർട്ട് എഴുത്തും മാതൃകാപരമാവണം. പാഠപുസ്തകത്തിലെ ലിപി തന്നെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും. ഓരോ ടീച്ചറും പഴയതും പുതിയതുമായ ലിപികൾ ഇടകലർത്തി ഉപയോഗിക്കുന്നത് കുട്ടികൾക്ക് വലിയ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. അത് കുട്ടിയുടെ എഴുത്തിലെ പിഴവുകൾക്ക് കാരണമാവുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ഓരോ കുട്ടിയുടെയും പഠനവേഗം, ശൈലി എന്നിവ വ്യത്യസ്തമാണ് എന്ന തിരിച്ചറിവ് എപ്പോഴും അധ്യാപകർക്ക് ഉണ്ടാവണം. ക്ഷമയോടുകൂടി അത്തരം സാഹചര്യങ്ങളെ മറികടക്കാൻ ശ്രമിക്കണം. കുട്ടിക്ക് കൂടുതൽ ഊർജവും ആത്മവിശ്വാസവും പകരണം. കുട്ടിയുടെ ഭാഷാപരമായ മികവുകളും പോരായ്മകളും മനസ്സിലാക്കി സഹായിക്കേണ്ടത് എങ്ങനെയെന്ന് രക്ഷിതാവിന് തിരിച്ചറിയാൻ കഴിയണം. കുട്ടിക്ക് വീട്ടിൽ ഒരുക്കേണ്ട വായനാനുഭവം, എഴുത്തനുഭവം, അവ മെച്ചപ്പെടുത്താനുള്ള എഡിറ്റിംഗ് എന്നിവ സംബന്ധിച്ച് ക്ലാസ് പി.ടി.എ, ഗൃഹ സമ്പർക്കം തുടങ്ങിയ സന്ദർഭങ്ങളിൽ രക്ഷിതാക്കൾക്ക് പ്രായോഗികധാരണ നൽകണം. ഭിന്നശേഷി കുട്ടികൾക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ വ്യക്തിഗത സവിശേഷതകൾ കൂടി പരിഗണിച്ചാണ് വിനിമയം ചെയ്യേണ്ടത്. ഇതിനായി റിസോഴ്സ് അധ്യാപകരുമായിച്ചേർന്ന് പ്രത്യേക ആസൂത്രണം നടത്തേണ്ടതാണ്.

വാചിക, ലിഖിത പ്രകടനങ്ങളിൽ ആത്മവിശ്വാസം വളരുന്നതിനായി കൂട്ടായി വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ ക്ലാസിൽ ഒരുക്കണം. അതിനൊപ്പം പരസ്പരം വിലയിരുത്താനും പരസ്പരം സഹായിച്ച് മെച്ചപ്പെടുത്താനുമുള്ള മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കണം.

പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളുടെ എഴുത്തുപുസ്തകം കഴിയുന്നതും എല്ലാ ദിവസവും ടീച്ചർ വിലയിരുത്തുകയും ആവശ്യമായ പിന്തുണകൾ നൽകുകയും ചെയ്യണം. അവരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നേരിയ പുരോഗതി പോലും പ്രത്യേകം എടുത്തുപറഞ്ഞു അഭിനന്ദിക്കണം. നോട്ടുപുസ്തകത്തിൽ അഭിനന്ദനവാക്യങ്ങൾ, നക്ഷത്ര ചിഹ്നങ്ങൾ പോലെയുള്ള പ്രോത്സാഹനമുദ്രകൾ എന്നിവയും രേഖപ്പെടുത്തുന്നത് ഏറെ പ്രചോദനം നൽകും.

ഈ ഭാഗം ഏഴാം ക്ലാസിലെ കുട്ടികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇതിലെ പ്രവർത്തനങ്ങൾ മാതൃകയായി കണ്ടുകൊണ്ട് ഓരോ പ്രദേശത്തിനും കുട്ടികളുടെ നിലവാരത്തിനും അനുസരിച്ച് അധ്യാപകർ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. ഏഴാംക്ലാസിലെ വായന, ലേഖനം എന്നിവയ്ക്ക് പുറമേ വ്യവഹാരരൂപങ്ങൾക്കും ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങളാണ് വികസിപ്പിച്ചിട്ടുള്ളത്. വ്യവഹാരരൂപങ്ങൾക്ക് പ്രാധാന്യം നൽകുകയും അവയുടെ ഘടന, സ്വരൂപം, ഓരോ തലത്തിനും അനുസരിച്ച് നിശ്ചയിക്കുകയും ചെയ്യുന്ന ചില മാതൃകകൾ ഉൾപ്പെടുത്തി യിട്ടുണ്ട്. മികച്ച ഭാഷാമാതൃകകൾ കേൾക്കുന്നതിന് അവസരംനൽകുന്ന രീതിയിലാണ് ഇത് ചെയ്തിരിക്കുന്നത്. വായന, സ്വതന്ത്രവായന, എന്നിവയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങളും ഇതിൽ നൽകിയിട്ടുണ്ട്. ലേഖനവുമായി ബന്ധപ്പെട്ട് എഡിറ്റിംഗ് ഉറപ്പാക്കുകയും ഇതുവഴി കുട്ടികളുടെ തെറ്റുകൾ സ്വയംതിരുത്തുന്നതിനുള്ള മാർഗങ്ങൾ ഇതിൽ നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ കുട്ടികൾക്ക് ആശയാവതരണരീതിയിൽ അക്ഷരം ഉറപ്പിക്കുന്നതിന് ചില ജൈവപാഠങ്ങളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അക്ഷരതലത്തിലും പദതലത്തിലു മുള്ള പഠനപ്രയാസങ്ങൾ യു.പി തലത്തിലെ കുട്ടികളിൽ കണ്ടെത്തുന്നതിനും ഭാഷാ പരമായ പഠനവിടവുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിനും എല്ലാ അധ്യാപകരുടെയും ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

# ക്ലാസ് 7

***അടിസ്ഥാനപാഠാവലി രണ്ടാം യൂണിറ്റ് തുടരുമ്പോഴോ അവസാനിക്കുന്നിടത്തോ ഈ പ്രവർത്ത നങ്ങൾ നൽകാവുന്നതാണ്.***

**പ്രവർത്തനം 1 – സ്വരങ്ങൾ ചേർത്ത് പാടാം.**

**ശേഷികൾ/ധാരണകൾ**

- താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് ഉചിതമായ ഈണത്തിൽ ഗാനങ്ങൾ ആലപിക്കുന്നു.
- സ്വരചിഹ്നങ്ങൾ ശരിയായ രീതിയിൽ ചേർത്തെഴുതുന്നതിൽ ധാരണ നേടുന്നു.
- പരിചയപ്പെടുന്ന പദങ്ങൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിച്ച് സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.

**ഘട്ടം1** :

ടീച്ചർ ക്ലാസ്സിൽ ഒരു നാടകഗാനം അവതരിപ്പിക്കുന്നു.

*വള്ളിക്കുടിലിനുള്ളിലിരിക്കും*
*പുള്ളിക്കുയിലേ പാടൂ*
*പുള്ളിക്കുയിലേ പാടൂ...*
*മാനം പൂത്തതറിഞ്ഞില്ലേ മലർ*
*മാലകൊരുക്കാൻ പോരൂ*
*മാലകൊരുക്കാൻ പോരൂ...*
*പുള്ളിച്ചിറകുകളോലും വിണ്ണിൽ*
*പുല്ലാങ്കുഴലേ പാടൂ*

***ടീച്ചറും കുട്ടികളും ചേർന്ന് പാടുന്നു.***

അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് കുട്ടികൾക്ക് അറിയാവുന്ന നാടകഗാനങ്ങൾ പാടാൻ അവസരം നൽകുന്നു.

*ആറാം ക്ലാസ്സിലെ 'പാട്ടിന്റെ പാലാഴി'*
*ഏഴാം ക്ലാസ്സിലെ 'അരങ്ങുണരുന്നു'*
*എന്നീ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട്, പരിചയപ്പെട്ട ഗാനങ്ങളാകാം. അധ്യാപിക കുട്ടികൾക്ക് ഗാനങ്ങളുടെ സൂചനകൾ നൽകാവുന്നതാണ്.*

- *ചില്ലുമേടയിലിരുന്നെന്നെ കല്ലെറിയല്ലേ*
- *ചക്കരപന്തലിൽ തേൻമഴ ചൊരിയും*
- *ഇല്ലിമുളങ്കാടുകളിൽ ലല്ലലലം പാടിവരും*
- *അമ്പിളിയമ്മാവാ താമരകുമ്പിളിലെ ന്തുണ്ടേ*

**ഘട്ടം 2** :

ആദ്യം ചൊല്ലിയ ഗാനം ഒന്നെഴുതിയാലോ?

ടീച്ചറും കുട്ടികളുമായി ചേർന്ന് ആദ്യം ചൊല്ലിയ ഗാനം അധ്യാപിക (സ്വരചിഹ്നങ്ങൾ ചേർക്കാതെ) ബി.ബി യിലോ ചാർട്ടിലോ എഴുതുന്നു.

**പ്രവർത്തനകാർഡ് 1 എ**

വ ള്ള ക്ക ട ല ന്ന ള്ള ല ര ക്കം
പ ള്ള ക്ക യ ല പ ട
പ ള്ള ക്ക യ ല പ ട
മ നം പ ത്ത ത റ ഞ്ഞ ല്ല മ ല ർ
മ ല ക ര ക്ക ൻ പ ര
പ ള്ള ച്ച റ ക ക ള ല വണ്ണ ൽ
പ ല്ല ങ്ക ഴ ല പ ട

കുട്ടികൾ നോട്ടുബുക്കിൽ സ്വരചിഹ്നം ചേർത്ത് എഴുതുന്നു. കൈമാറി വിലയിരുത്തൽ ശരിയായരൂപം ക്ലാസ്സിൽ ടീച്ചർ പ്രദർശിപ്പിക്കുക. കുട്ടികൾ സ്വയം വിലയിരുത്തി തെറ്റുതിരുത്തട്ടെ.

**ഘട്ടം – 3**

കുട്ടികൾ നേരത്തേ ഗ്രൂപ്പിൽ പാടിയ ഗാനങ്ങളുടെ വരികൾ (നാലുവരിവീതം) ഇതുപോലെ എഴുതി മറ്റു ഗ്രൂപ്പിന് ചിഹ്നം ചേർക്കാനായി നൽകുന്നു.

**പ്രവർത്തനകാർഡ് 1 ബി**

| |
|---|
| ചിഹ്നം ചേർക്കാം |

(ഗ്രൂപ്പിൽ എല്ലാ കുട്ടികളും എഴുതണം) ഗ്രൂപ്പുകൾ ചിഹ്നംചേർത്ത് തിരികെ നൽകുന്നു. ഗ്രൂപ്പിലെ കുട്ടികൾ എഡിറ്റ് ചെയ്യുന്നു.ചിഹ്നങ്ങൾ മാറിപ്പോയിട്ടുണ്ടെങ്കിൽ അടിയിൽ പെൻസിൽ കൊണ്ട് അടയാളപ്പെടുത്താം.

തിരുത്തിയവ തിരികെ നൽകി – സ്വയം വിലയിരുത്തൽ, മെച്ചപ്പെടുത്തി എഴുതൽ

**പ്രവർത്തനം 2 – കണ്ടെത്താം എഴുതാം**

**<u>ശേഷികൾ / ധാരണ</u>**

- പുതിയ പദങ്ങൾ കണ്ടെത്തുന്നതിനും നൂതനസന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനും കഴിയുന്നു.
- ആശയപൂർണതയോടെ വാക്യങ്ങൾ എഴുതുന്നു.

**ഘട്ടം – 1**

ടീച്ചർ ആദ്യദിനം അവതരിപ്പിച്ച ഗാനം പൂർണമായി കേൾക്കാൻ ക്ലാസ്സിൽ അവസരം ഒരുക്കുന്നു.

വള്ളിക്കുടിലിനുള്ളിലിരിക്കും പുള്ളിക്കുയിലേ പാടൂ
പുള്ളിക്കുയിലേ പാടൂ...
മാനം പൂത്തതറിഞ്ഞില്ലേ മലർ
മാലകൊടുക്കാൻ പോരൂ

പുള്ളിച്ചിറകുകളേലും വിണ്ണിൽ
പുല്ലാങ്കുഴലേ പാടൂ (2)
നിന്നെയുമോർത്തു മേലേ നീല
പന്തലിലാരേ നില്പൂ പന്തലിലാരേ നില്പൂ
മാലകൊരുത്തൊരുമൈലാഞ്ചിക്കൈ
മാടിവിളിപ്പൂ നിന്നെ മാടിവിളിപ്പൂ നിന്നെ
വള്ളിക്കുടിലിന്നുള്ളിലിരിക്കും പുള്ളിക്കുയിലേ പാടൂ
പുള്ളിക്കുയിലേ പാടൂ
പുള്ളിക്കുയിലേ പാടൂ
കാടുകൾ പൂത്തതറിഞ്ഞില്ലേ
കുഞ്ഞിക്കാറ്റു പറഞ്ഞല്ലോ (2)
പൂമുല്ലക്കാട്ടിലെ ഊഞ്ഞാലിലാടുവാൻ
താമമ്പമെന്തിനീ താമരപ്പൈങ്കിളീ...
മിന്നാമിന്നികൾ വന്നെതിരേല്പൂ
കൊന്നപ്പൂക്കളുമായി കൊന്നപ്പൂക്കളുമായി (2)
തേൻമാവിൻ കനി കിങ്ങിണി തുള്ളി
തെന്നലിലാടും കൊമ്പിൽ തെന്നലിലാടും കൊമ്പിൽ
കൊക്കിലിരിക്കും തേൻപുരട്ടാൻ
ഇത്തിരി നേരം പോരൂ.... ഇത്തിരി നേരം പോരൂ

***ഗാനം കേൾപ്പിക്കുകയോ, അധ്യാപിക ചൊല്ലിക്കൊടുക്കുകയോ ആവാം.***

**ഘട്ടം – 2**

കുട്ടികൾ ഈ ഗാനത്തിൽ പരിചയപ്പെട്ടവർ ആരൊക്കെ എന്ന് കണ്ടെത്താൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ് 2 എ**

| ആരൊക്കെ? |
|---|

പുള്ളിക്കുയിൽ
മാനം
മലർ
പുല്ലാങ്കുഴൽ
തോണി
കാട്
കുഞ്ഞിക്കാറ്റ്
............
............

കുട്ടികൾ കണ്ടെത്തിയ പദങ്ങൾ നോട്ടുബുക്കിൽ എഴുതി, അതിൽ അവർക്ക് ഇഷ്ടപ്പെട്ട വിശേഷണപദങ്ങൾ ചേർത്ത് എഴുതുന്നു.

എല്ലാവർക്കും കേൾക്കാവുന്ന രിതിയിൽ ഓരോരുത്തരും വായിച്ച് അവതരിപ്പിക്കൽ.

ആവശ്യമായവ അധ്യാപിക എഴുതി അവതരിപ്പിക്കേണ്ടതാണ്.

കുട്ടികൾ വിശേഷണങ്ങൾ ചേർത്തെഴുതിയവയിൽ ഇഷ്ടമുള്ള നാലോ അഞ്ചോ തിരഞ്ഞെടുത്ത് പൂർണവാക്യങ്ങൾ എഴുതി അവതരിപ്പിക്കാൻ നിർദേശം നൽകുന്നു - കൂടുതൽ വാക്യങ്ങൾ തയാറാക്കാൻ ഗൃഹപാഠം നൽകാവുന്നതാണ്.

**പ്രവർത്തനകാർഡ് 2 ബി**

| ചിഹ്നം ചേർക്കാം |
|---|

**ഘട്ടം 3**

**പദപ്പെട്ടി നിറയ്ക്കാം**

***ഇതൊരു വിലയിരുത്തൽ***

***പ്രവർത്തനമെന്ന നിലയിൽ ഗൃഹപാഠമായി കൊടുക്കാവുന്നതാണ്.***

മേൽ സൂചിപ്പിച്ച ഗാനങ്ങളെക്കൂടി അടിസ്ഥാനമാക്കി തന്നിരിക്കുന്ന പെട്ടിക്കുള്ളിലെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് അർഥമുള്ള പദങ്ങൾ എഴുതിനോക്കൂ. പദപ്പെട്ടി വേഗം നിറയ്ക്കുന്നവരാണ് മിടുക്കർ. ഏറ്റവും കൂടുതൽ കണ്ടെത്തുന്നവർക്ക് അഭിനന്ദനം

അക്ഷരപ്പെട്ടി

| | | | | |
|---|---|---|---|---|
| ക | ച | ട | ത | ച്ച |
| ഖ | പ്പ | ക്ക | പ | ഭ |
| ഝ | ഠ | യ | വ | ര |
| ല | സ | ബ | ഷ | ഹ |
| ള | ശ | ദ | ധ | ണ |
| ✦ | ✦ | ✦ | ✦ | ✦ |

സ്വരചിഹ്നങ്ങൾ

| | | | | |
|---|---|---|---|---|
| ാ | ി | ീ | ു | ൂ |
| ൃ | െ | േ | ൈ | ൊ |
| ോ | ൗ | ം | ് | |

**പ്രവർത്തനകാർഡ് 2 സി**

| പദപ്പെട്ടി |
|---|

*കുട്ടികൾ കണ്ടെത്തിയ പദങ്ങൾ ഉപയോഗിച്ച് അർഥപൂർണമായ വാക്യങ്ങൾ എഴുതാൻ നിർദേശം നൽകുക.*
കൈമാറി വായിക്കാൻ അവസരം നൽകണേ

## പ്രവർത്തനകാർഡ് 2 ഡി

| വാക്യപ്പെട്ടി |
|---|

**പ്രവർത്തനം - 3 നന്നായി വായിക്കാം**

**ശേഷികൾ / ധാരണകൾ**

- കഥകൾ ഉചിതമായ ഭാവത്തോടെ വായിച്ച് അവതരിപ്പിക്കുന്നു.
- ഭാഷയിലെ സവിശേഷമായ പ്രയോഗങ്ങൾ കണ്ടെത്തി വാങ്മയ ചിത്രങ്ങൾ തയ്യാറാക്കുന്നു.

എല്ലാവർക്കും കഥകൾ ഇഷ്ടമാണല്ലോ എന്ന അധ്യാപികയുടെ ചോദ്യത്തോടെ തുടങ്ങാം.

ഒരു കുടയും കുഞ്ഞുപെങ്ങളും കഥ

***ആകാശം നിറയെ കാർമേഘങ്ങളുണ്ടായിരുന്നു. ഒരു തണുത്ത ചെല്ലക്കാറ്റ് അലസമായി സഞ്ചരിച്ചുകൊണ്ടിരുന്നു. ഗ്രാമപാതയുടെ ഇരുവശങ്ങളിലുമുള്ള വൃക്ഷങ്ങൾ തലയാട്ടി. കള്ളക്കർക്കടകമാസം.***

***'ലില്ലീ, മഴ വരുന്നു, നീ ആ പെണ്ണിന്റെകൂടെ പൊയ്ക്കോ.' മുമ്പേ നടന്നുപോകുന്ന ഗ്രേസിയുടെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് ബേബി അറിയിച്ചു.***

***'ഇച്ചാച്ചനോ?അവൾ ചോദിച്ചു.'***

***'ഞാൻ ഓടിക്കോളാം.'അവൻ ഓട്ടമായി. അപ്പോഴേക്ക് ഒന്ന്, രണ്ട്, നാല് എന്നിങ്ങനെ പെരുകിപ്പെരുകി മഴത്തുള്ളികൾ വീഴുകയായി.***

***സ്ലേറ്റും പുസ്തകവും അടുക്കിപ്പിടിച്ചുകൊണ്ട് ലില്ലി ഓടി. അവളുടെ മുഖത്ത് മഴത്തുള്ളികൾ വീണു. എങ്കിലും പുസ്തകം <u>നനയാതെ</u> മാറോട് അടുക്കിപ്പിടിച്ചു. സ്ലേറ്റിന്റെ പുറത്തു വെള്ളം പുരണ്ടാൽ കുഴപ്പമില്ല.***

***'ഗ്രേസീ, ഞാൻകൂടെ.' അവൾ സ്നേഹപൂർവം യാചിച്ചു. അവൾ ഗ്രേസിയുടെ കുടക്കീഴെ കയറാൻ ഭാവിച്ചു. പക്ഷേ, ആ ധനികകുമാരി മാറിക്കളഞ്ഞു. അവളുടെ ഉടുപ്പ് സിൽക്കുകൊണ്ടുള്ളതും വെടിപ്പുള്ളതും ആയിരുന്നു; ലില്ലിയുടേതോ, വില കുറഞ്ഞതും മുഷിഞ്ഞതും.***

***'ഗ്രേസീ!' ലില്ലി യാചിച്ചു.***

***'പോ കുട്ടീ, ഇപ്പം മനസ്സില്ല ;എന്റെ കൊടേ കേറ്റത്തില്ല' ഗ്രേസി തീർത്തു പറഞ്ഞു.***

***ലില്ലി പൊട്ടിക്കരഞ്ഞുപോയി. ആ പാവപ്പെട്ട കുഞ്ഞിനോട് മഴയ്ക്കു കരുണയുണ്ടായില്ല. അതു ശക്തിയായി പെയ്യുകയാണ്.***

***ലില്ലി കരഞ്ഞുകൊണ്ടു മുന്നോട്ടോടി. അവളുടെ കുരുന്നു മുഖത്ത് മഴത്തുള്ളികൾ ചരൽക്കല്ലുകൾപോലെ അടിച്ചുകൊണ്ടേയിരുന്നു. അവളുടെ കുഞ്ഞുപാദങ്ങളെ തലോടിക്കൊണ്ട് കലക്കവെള്ളം പാഞ്ഞു.***

***വഴിയിറമ്പിലുള്ള ഒരു പീടികത്തിണ്ണയിൽ അവൾ കയറി നിന്നു. ഉടുപ്പും പുസ്തകവും എല്ലാം നനഞ്ഞു. പുസ്തകം <u>നനഞ്ഞതിലാണ്</u> അവൾക്കു സങ്കടം. തിണ്ണയുടെ കോണിൽനിന്ന് അവൾ ഏങ്ങിയേങ്ങി കരഞ്ഞു. കുടയും പിടിച്ചുകൊണ്ട് ഗ്രേസി പോകുന്നത് അവൾ കണ്ടു. തലമുടിയിൽനിന്നു വീഴുന്ന വെള്ളം അവളുടെ കണ്ണുകളെ മറയ്ക്കുകയും കണ്ണുനീർത്തുള്ളികളുമായി ഇടകലരുകയും ചെയ്തു.***

***ചെമന്ന പുള്ളികളുള്ള അവളുടെ ഉടുപ്പ് നനഞ്ഞു കുതിർന്നിരിക്കുന്നു. ശരീരം തണുത്തു വിറയ്ക്കുന്നു. പല്ലുകൾ കൂട്ടിപ്പിടിച്ചു പിഴിഞ്ഞു. അപ്പോൾ അതിന്റെ അറ്റത്ത് ശകലം കീറിപ്പോയി. അത്രകണ്ടു പഴകിയതായിരുന്നു ആ ഉടുപ്പ്. ഒറ്റ ഉടുപ്പേ ഉള്ളൂ ലില്ലിക്ക്. വീട്ടിൽ തിരിച്ചെത്തുമ്പോൾ ഉടുക്കാൻ അവൾക്കൊരു കുറിയ മുണ്ടുണ്ട്-ഒരു ചുട്ടിത്തോർത്ത്.***

✡ ✡ ✡ ✡

*ഹോ! പള്ളിക്കൂടത്തിലെ രണ്ടാംമണിയും അടിച്ചുകഴിഞ്ഞു. മഴ തൊള്ളിവിട്ടു; തോർന്നിട്ടില്ല. തണുത്ത കാറ്റ് ഊതിക്കൊണ്ടേയിരിക്കുന്നു.*

*താമസിച്ചുചെന്നാൽ ടീച്ചർ വഴക്കുപറയും, തല്ലും. പുസ്തകവും സ്ലേറ്റും എടുത്ത് അടുക്കിപ്പിടിച്ചുകൊണ്ട് അവൾ മഴയത്തുകൂടി ഓടി കാലുതെറ്റി വീണു. ഉടുപ്പിൽ ചെളിപുരണ്ടു; അതു കുറേക്കൂടെ കീറുകയും ചെയ്തു. മുട്ടുരഞ്ഞു; തൊലിപൊട്ടി; ചോര വന്നു. എങ്കിലും അവൾ വേദന അറിഞ്ഞില്ല. പുസ്തകത്തിന്റെ ഒരു താൾ കീറിപ്പോയി; സ്ലേറ്റിന്റെ ഒരു മൂല പൊട്ടി. അവൾ മഴയത്തുനിന്നു കരഞ്ഞു.*

*അവൾ ക്ലാസ് മുറിയുടെ വാതിൽക്കലെത്തിയപ്പോൾ കുട്ടികൾ പൊട്ടിച്ചിരിച്ചു. ചൂരൽവടികൊണ്ട് ടീച്ചർ മേശപ്പുറത്ത് അടിച്ചു. അപ്പോൾ കുട്ടികൾ നിശ്ശബ്ദരായി.*

*'എന്തിനാ കുട്ടീ ഈ മഴയത്തു വന്നത്? കുടയുല്ലായിരുന്നോ?'*

*'ഇല്ല.' ലില്ലി ഒരു കൈകൊണ്ട് കണ്ണുതുടച്ചു കരഞ്ഞുംകൊണ്ടു പറഞ്ഞു.*

*'പോയി വരാന്തയിൽ നിൽക്കൂ. ക്ലാസ്സ് മുറി വൃത്തികേടാക്കാതെ. ' ടീച്ചർ ചൂരൽവടി ചൂണ്ടി അവളെ വരാന്തയിലേക്കു മാറ്റിനിർത്തി. പൂമംഗലത്തെ ഗ്രേസി അടക്കിച്ചിരിക്കുന്നത് ലില്ലി കണ്ടു. അവളുടെ ഹൃദയം നീറി.മഴ ശമിച്ചെങ്കിലും അവളുടെ കുഞ്ഞുകണ്ണുകൾ കണ്ണുനീർ പെയ്തുകൊണ്ടേയിരുന്നു.*

**കഥ കുറച്ചുഭാഗം ടീച്ചർ ഭാവാത്മകമായി വായിക്കുന്നു. തുടർന്നുള്ള ഭാഗം വായിക്കുന്നതിന് കുട്ടികൾക്ക് നൽകാം.**

മൂന്നോ നാലോ പേർ ചേർന്ന് വായന പൂർത്തിയാക്കാം.

ഈ കഥ കേട്ടിട്ടുണ്ടോ ?

മുട്ടത്തുവർക്കിയുടെ ഒരു കുടയും കുഞ്ഞുപെങ്ങളും എന്ന നോവലിന്റെ തുടക്കഭാഗമാണിത്...

ഈ കഥ പൂർണമായി വായിക്കാൻ തോന്നുന്നില്ലേ ?

*ക്ലാസ്സിലെ ലൈബ്രറിയിൽ നിന്നോപ്രാദേശിക ലൈബ്രറിയിൽ നിന്നോ നോവൽ ലഭ്യമാക്കി വായിക്കുന്നതിന് ടീച്ചർ സഹായിക്കുമല്ലോ*

തുടർന്ന് വായനയുടെ മികവ് കണ്ടെത്തുന്നതിലേക്ക് കുട്ടികളെ നയിക്കാം.

ഇവിടെ നടന്നതിൽ ആരുടെ വായനയാണ് ഇഷ്ടമായത് ?

എന്തുകൊണ്ടെന്ന് പറയാമോ ?

വായനയിൽ എന്തൊക്കെകാര്യങ്ങൾ ശ്രദ്ധിക്കണം? കുട്ടികൾ പറയുന്നവ രേഖപ്പെടുത്തുന്നു.

- *തെറ്റില്ലാതെ ഉറക്കെവായിക്കാൻ സാധിക്കുന്നു.*
- *ആശയ വ്യക്തത, അക്ഷരസ്ഫുടത, ശബ്ദനിയന്ത്രണം എന്നിവ പാലിക്കുന്നുണ്ട്.*
- *ആവശ്യമായിടത്ത് നിർത്തലുകളും നീട്ടലുകളും പാലിക്കുന്നു.*
- *ഭാവം ഉൾക്കൊണ്ട് വായിക്കുന്നു.*
- *വേഗത്തിൽ നിയന്ത്രണവും താളവും പാലിക്കുന്നു.*

*ക്ലാസ്സിൽ എല്ലാ കുട്ടികളും ഈ ഭാഗം വായിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കുമല്ലോ?കൂടാതെ പാഠഭാഗങ്ങൾ വായിക്കുമ്പോൾ സ്വയം വിലയിരുത്തി മുന്നേറുന്ന ഒരു ശീലം കൂടി അവരിൽ വളർത്താൻ ശ്രമിക്കണേ.തുടർന്ന് പാഠപുസ്തകത്തിലെ കഥാഭാഗങ്ങൾ വായനയ്ക്ക് നൽകുക.വിലയിരുത്തലിന് അവസരം ഒരുക്കുക*


**പ്രവർത്തനം 4 – വാക്കുകൾകൊണ്ടൊരു ചിത്രം**

**ആശയം/ധാരണ**

- വാക്കുകൾ കൊണ്ട് വ്യക്തികൾ/ദൃശ്യങ്ങൾ തുടങ്ങിയവയുടെ രൂപം, ഭാവം എന്നിവ അവതരിപ്പിക്കുന്നതിൽ ധാരണ നേടുന്നു.
- **കഥയിലെ ലില്ലിയെക്കുറിച്ച് ചില ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഒരു ലഘുചർച്ചയാകാം.**

*മഴനനഞ്ഞ് വൈകി സ്കൂളിലെത്തിയ ലില്ലിയുടെ വേഷം, രൂപം, മാനസികാവസ്ഥ എന്നിവയെക്കുറിച്ചുള്ള ആശയ രൂപീകരണത്തിന് അനുയോജ്യമായ വിധത്തിൽ ലഘുചോദ്യങ്ങൾ ചോദിക്കുമല്ലോ?*

***കുട്ടികൾ പറയുന്ന കാര്യങ്ങൾ അധ്യാപിക ഒരു ആശയപടരൂപീകരണത്തിലേക്ക് എത്തിക്കാൻ ശ്രദ്ധിക്കുക.***




ആശയപടത്തിലെ പ്രധാനകാര്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ വാങ്മയ ചിത്രം തയാറാക്കാൻ നിർദേശിക്കുക.

**വാങ്മയചിത്രം എന്ത്?**

- *വാക്കുകൾകൊണ്ട് ഒരാളുടെ, ഒരു പ്രദേശത്തിന്റെ, സംഭവത്തിന്റെ രൂപം/ ഭാവം അവതരിപ്പിക്കുന്നു.*
- *വായിക്കുന്നവർക്ക് ചിത്രത്തിൽ കാണുന്നതുപോലുള്ള പ്രതീതി ഉണ്ടാക്കുന്നു.*

- ***ക്ലാസ്മുറിയുടെ വാതിൽക്കൽ മഴനനഞ്ഞ് നിൽക്കുന്ന ലില്ലിയുടെ വാങ്മയ ചിത്രം തയ്യാറാക്കുക.***

**പ്രവർത്തനകാർഡ് 4 എ**

| വാങ്മയ ചിത്രം |
|---|
| |

പ്രവർത്തനം - വ്യക്തിഗതരചന - അവതരണം -

ഗ്രൂപ്പ്രചന- തുടർന്ന് പൊതു അവതരണം - എന്ന തരത്തിൽ നയിക്കണം -

| *എഡിറ്റിംഗിന് വിധേയമാക്കുമ്പോൾ - ടീച്ചർവേർഷന്റെ സഹായത്താൽ കുട്ടികളെ വാങ്മയ ചിത്രത്തെക്കുറിച്ച് വ്യക്തമായ ധാരണ നേടാൻ പ്രാപ്തരാക്കുമല്ലോ.* |
|---|

പ്രവർത്തനത്തെ തുടർന്ന്

1. കടയിൽ മിഠായി വാങ്ങാൻ നിൽക്കുന്ന അശ്വതി
2. പേഴ്സ്പോക്കറ്റടിച്ച് പോയശേഷം ഹോട്ടലിൽ മാനേജരുടെ മുന്നിൽ നിൽക്കുന്ന കഥാനായകന്റെ (ഒരു മനുഷ്യൻ) അവസ്ഥ.

തുടങ്ങിയവ വാങ്മയ ചിത്രങ്ങൾ തയാറാക്കുന്നതിനായി നൽകേണ്ടതാണ് - കൂടുതൽ സന്ദർഭങ്ങൾ പാഠപുസ്തകത്തിൽ നിന്നും ആകാം.

**പ്രവർത്തനകാർഡ് 4 ബി**

| വാങ്മയ ചിത്രം |
|---|
| |

**പ്രവർത്തനം 5 – കളങ്ങൾ നിറയ്ക്കാം**

**ശേഷികൾ -**

- ❖ സവിശേഷതകളുടെ അടിസ്ഥാനത്തിൽ കഥാപാത്രങ്ങളെ തിരിച്ചറിയുന്നതിന്.
- ❖ ശരിയായരീതിയിൽ എഴുതി അവതരിപ്പിക്കുന്നതിന്

***കുട്ടികൾ എല്ലാവരും നോട്ടുബുക്കിൽ പദപ്രശ്നം പൂരിപ്പിക്കുന്നതിനുള്ള കളങ്ങൾ വരയ്ക്കട്ടെ. അധ്യാപിക പറയുകയോ/എഴുതിപ്രദർശിപ്പിക്കുകയോ ചെയ്യുന്ന സവിശേഷതകൾക്കനുസരിച്ച് നിർദേശിക്കുന്ന രീതിയിൽ കളങ്ങൾ പൂരിപ്പിച്ച് എഴുതുന്നു.***

**വലത്തോട്ട്**

1. ഡൽഹിയിൽ ജോലിതേടിപ്പോയ ബാലൻ
2. മുൻവരിയിലെ ഇളകിപ്പോയ പല്ലുകൾക്കിടയിലൂടെ ചിരിച്ചുകൊണ്ട് മുറ്റത്ത് വന്ന് നിന്ന മനുഷ്യൻ
3. ഞാനിനിത്താനേ കുളിച്ചുകൊള്ളാം
   ഞാനിനിത്താനേ കിടന്നുറങ്ങാം......... എന്ന് പറഞ്ഞത്?
4. ഇനി ഞങ്ങൾ നിന്റെ വീട്ടിലേക്ക് വരില്ല എന്ന് കുട്ടിയോട് പറഞ്ഞത്.
5. നമ്മെ കാത്തിരിക്കുന്ന 'അകളങ്കർ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

**താഴോട്ട്**

6. പറിച്ചുനട്ടത്തിന് ശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ചെടിയുടെ ദൈന്യമുണ്ടായിരുന്നത്.
7. എനിക്ക് പേരില്ല എന്ന് പറഞ്ഞത്.
8. നക്ഷത്രങ്ങൾപോലെ ജ്വലിക്കുന്ന കണ്ണുകളുള്ളവൾ

| | | | | | | |
|---|---|---|---|---|---|---|
| 1 | | | | | | 7 |
| 6 | 4 | | | | | |
| | 7 | 2 | | | | |
| | 5 | | | | | |
| 8 | | | | | | |
| | | 3 | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | ക്രം | സി | ങ് | | | 7 ഒ |
| 6 അ | 4 | വ | രാ | ജാ | വ് | രു |
| ശ്വ | 7 | 2 | ഗ്രേ | ട്ട | ൻ | മ |
| തി | 5 | സ്കി | മോ | ക | ൾ | നു |
| 8 | മോ | | | | | ഷ്യ |
| ല | | 3 കൊ | ച്ച | നു | ജ | ൻ |

***കുട്ടികൾ വ്യക്തിഗതമായി കളങ്ങൾ പൂരിപ്പിച്ച് ഗ്രൂപ്പിൽ പങ്കുവയ്ക്കട്ടെ.***

***തുടർന്ന് ശരിയായ രീതി ബോർഡിൽ എഴുതുന്നതിലൂടെ സ്വയം വിലയിരുത്തലിനും അവസരം നൽകാൻ ശ്രദ്ധിക്കണേ.***

തുടർന്ന് ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് ഓരോ പദപ്രശ്നം തയാറാക്കുന്നതിനുള്ള പ്രവർത്തനം ഗ്രുപ്പുകൾക്ക് നൽകുക.

**പ്രവർത്തനകാർഡ് 5 ബി**

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

**പ്രവർത്തനം 6 – കഥാപാത്രത്തെക്കുറിച്ച്**

**ശേഷികൾ**


- കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കഥയിലെ അവരുടെ സ്ഥാനവും കണ്ടെത്തി വാചികമായും ലിഖിതമായും കഥാപാത്ര നിരൂപണം നടത്തുന്നു.

**കുട്ടികൾ നേരത്തേ പരിചയപ്പെട്ട 'ഒരു കുടയും കുഞ്ഞുപെങ്ങളും' എന്ന കഥാഭാഗം വീണ്ടും വായിക്കുന്നതിന് അവസരം നൽകുന്നു.**

ഈ കഥാഭാഗത്ത് നിന്നും ഏറ്റവും ആകർഷിച്ച കഥാപാത്രം എന്ന നിലയിൽ ലില്ലിയെക്കുറിച്ച് ചർച്ചയാകാം.

പരിചയപ്പെട്ട കഥാഭാഗത്തിന്റെ അടിസ്ഥാനത്തിൽ ലില്ലിയെക്കുറിച്ച് കഥാപാത്രനിരൂപണം തയാറാക്കുന്നതിലേക്ക് ചർച്ച നയിക്കുക.

ഏതൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്തണം.




വ്യക്തിഗതരചനയ്ക്ക് അവസരം നൽകുന്നു.
ഗ്രൂപ്പിൽ അവതരണം
ഗ്രൂപ്പിന്റെ രചന, അവതരണം -
പരസ്പര വിലയിരുത്തൽ എഡിറ്റിംഗ് എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോയി കഥാപാത്രനിരൂപണം പൂർത്തിയാക്കുക.

**വിലയിരുത്തലിനായി സൂചകങ്ങൾ കുട്ടികളിൽ നിന്ന് തന്നെ ചർച്ചയിലൂടെ കണ്ടെത്തി രേഖപ്പെടുത്തേണ്ടതാണ്.**

- കഥാപാത്രത്തിന് കഥയിലുള്ള സ്ഥാനം
- സ്വഭാവസവിശേഷതകൾ
- കഥാപാത്രത്തിന് അനുഭവപ്പെടുന്ന വൈകാരിക ഭാവങ്ങൾ
- മറ്റ് കഥാപാത്രങ്ങളുമായുള്ള ഇടപെടലുകളും ബന്ധവും
- കഥാപാത്രം വായനക്കാരുടെ മനസ്സിൽ ഉണർത്തുന്ന സമാനസ്വഭാവമുള്ള വ്യക്തികളെയും കഥാപാത്രങ്ങളെയും കുറിച്ചുള്ള സ്മരണകൾ
- സ്വന്തം കാഴ്ചപ്പാടോടെ കഥാപാത്രത്തെ വിലയിരുത്തൽ

ഇവയുടെ അടിസ്ഥാനത്തിൽ കുട്ടികൾ മെച്ചപ്പെടുത്തി എഴുതിയ കഥാപാത്ര നിരൂപണം സ്വന്ത മായോ പരസ്പരമോ വിലയിരുത്തുന്നതിന് നിർദേശം നൽകേണ്ടതാണ്.

**തുടർപ്രവർത്തനം**

***ഒരു മനുഷ്യൻ എന്ന കഥയിലെ 'കഥാനായകൻ', 'ഒരു മനുഷ്യൻ' എന്നീ കഥാപാത്രങ്ങളുടെ കഥാപാത്ര നിരൂപണം ഓരോ കുട്ടിയും തയാറാക്കുന്നതിന് നിർദേശം നൽകുക.***

**പ്രവർത്തനകാർഡ് 6 എ**

| |
|---|
| കഥാപാത്രനിരൂപണം |

**പ്രവർത്തനം 7 - പ്രയോഗഭംഗികണ്ടെത്താം**

- കവിതകളിൽ ഭാവവും താളവും പ്രധാനമാണ് എന്ന് കണ്ടെത്തുന്നു.

- കവിതകൾക്ക് ഭാഷാപരവും ആശയപരവുമായ സൗന്ദര്യമുണ്ട് എന്ന് തിരിച്ചറിയുന്നു.
- വാങ്മയ ചിത്രം, പദ പ്രയോഗഭംഗി എന്നിവ കവിതയെ ആകർഷകമാക്കുന്നു എന്ന് മനസ്സിലാക്കുന്നു.

***ഇന്ന് എല്ലാവർക്കും കൂടി ഒരു കവിത ചൊല്ലിയാലോ - എന്ന് പറഞ്ഞ് കവിത-അവതരിപ്പിക്കുന്നു.***

**മഴവില്ലേ നീ മായരുതേ!**
മാനത്തെത്തിയ മഴവിൽക്കൊടിയേ
മായരുതേ, നീ മായരുതേ
നീരദപാളികൾ തോളിലുയർത്തിയ
നീലപ്പീലിക്കാവടിയേ!
ഇന്നലെ രാത്രിയിൽ വെൺതിങ്കൾക്കല
നിന്നുമയങ്ങിയ മലമുടിയിൽ,
വരളും മണ്ണിനു ദാഹം തീർക്കാൻ
വാർമഴവില്ലേ നീ വന്നു!
പായലുപൂത്തു കിടന്നൊരു നീല-
ക്കായലിലിന്നലെ നീരാടി,
ഈറൻ ചേലയുടുത്ത നിശീഥിനി
കേറിയിറങ്ങിയ പടവുകളിൽ
കടലിൻ കരളിൻ നെടുവീർപ്പുകളുടെ
കവിതവിടർത്തും മഴവില്ലേ
മായരുതേ, നീ മായരുതേ, നീ
മാനത്തെത്തിയ കുളിരല്ലേ?
**വയലാർ രാമവർമ്മ**

***അധ്യാപികചൊല്ലിക്കഴിഞ്ഞ് - കുട്ടികൾക്ക് ഒന്നായോ - ഗ്രൂപ്പിനോ ചൊല്ലാൻ അവസരം നൽകുക. ഒന്നോ രണ്ടോ കുട്ടികൾക്ക് വ്യക്തിഗതമായി ചൊല്ലാനും അവസരം നൽകേണ്ടതാണ്.***

ചില ചോദ്യങ്ങളിലൂടെ കവിതയിലെ ആശയത്തിലേക്ക് ശ്രദ്ധയാകർഷിക്കുക-

- ഈ കവിത എന്തിനെക്കുറിച്ചുള്ളതാണ്?
- വാർമഴവില്ല് വന്നതെന്തിനാണ്?
- മഴവില്ല് എവിടെയാണ് കവിത വിടർത്തുന്നത്?-
-

- വാർമഴവില്ലിനെക്കുറിച്ച്
- വരളും മണ്ണിന്റെ ദാഹം തീർക്കാൻ
- കടലിന്റെ കരളിലാണ് മഴവില്ല് കവിത വിടർത്തുന്നത്.
- .
-

തുടർന്ന് നേരത്തെ രൂപീകരിച്ച ഓരോ ഗ്രൂപ്പിനും ഓരോ പ്രവർത്തനം നൽകുന്നു.

ഗ്രൂപ്പ് 1 - പുതിയപദങ്ങൾ കണ്ടെത്തൽ

ഗ്രൂപ്പ് 2 - സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തൽ

ഗ്രൂപ്പ് 3 - സവിശേഷ പ്രയോഗങ്ങളുള്ള വരികൾ കണ്ടെത്തുന്നു.

ഗ്രൂപ്പ് 4 - പ്രാസഭംഗി, താളഭംഗി എന്നിവ കണ്ടെത്തിപ്പറയുന്നു.

ഓരോ ഗ്രൂപ്പും അവരുടെ കണ്ടെത്തലുകൾ ക്രമമായി അവതരിപ്പിക്കുന്നു.അധ്യാപികയുടെ ക്രോഡീകരണം ബി.ബി.യിലോ ചാർട്ടിലോ രേഖപ്പെടുത്തണം.

**പ്രവർത്തനകാർഡ് 7 എ**

കണ്ടെത്തലുകൾ

1. പുതിയ പദങ്ങൾ
   - നീരദം
   - നിശീഥിനി

2. സവിശേഷപ്രയോഗങ്ങൾ
   - നീരദപാളികൾ
   - നീലപ്പീലിക്കാവടി
   - നിന്നു മയങ്ങിയ
   - മലമുടി
   - ഈറൻ ചേലയുടുത്ത നിശിഥിനി
   - കടലിൻ കരളിൻ നെടുവീർപ്പ്
   - .

3.
   - നീരദപാളികൾ തോളിലു യർത്തിയ
   - വരളും മണ്ണിനുദാഹം തീർക്കാൻ
   - പായലുപൂത്തു കിടന്നൊരു നീല ക്കായലിൽ
   - ഈറൻ ചേലയുടുത്ത നിശീഥിനി
   -

4.
   - മാനത്ത് മായരുതേ
   - നീരദം നീലപ്പീലി
   - ഇന്നലെ നിന്നു
   -
   -

തുടങ്ങിയവ കണ്ടെത്തി അവതരിപ്പിക്കുന്നു.

***തുടർന്ന് - പ്രയോഗഭംഗികളുമായി ബന്ധപ്പെട്ട ഒരു ചർച്ചയും വിശദീകരണവും നടത്തേണ്ടതാണ്.***

***പ്രയോഗഭംഗി കണ്ടെത്തി വിശദീകരിക്കുന്നതിലേക്ക് കുട്ടികളെ നയിക്കുക.***

**പ്രവർത്തനകാർഡ് 7 ബി**

| |
|---|
| പ്രയോഗഭംഗി വിശദീകരിക്കാം |

വിശദീകരണത്തിന് ആവ
ശ്യമായ സഹായം
നൽകേണ്ടതാണ്

| | | |
|---|---|---|
| നീരദപാളികൾ | – | മേഘങ്ങളുടെ അടുക്കുകൾ ആകാശത്ത് കൂടി നീങ്ങുന്ന കാഴ്ച |
| നീലപ്പീലിക്കാവടി | – | മയിൽ നീലപ്പീലിവിടർത്തി നിൽക്കുമ്പോഴുള്ള മനോഹാരിതയാണ് മഴവില്ല് ആകാശത്തിന് നൽകുന്നത്. |
| നിന്നുമയങ്ങിയ മലമുടി | – | വെൺതിങ്കൾക്കല |
| | – | മലയുടെ നിറുകയിൽ നിന്നു മയങ്ങിപ്പോയി എന്നതിലെ ഭംഗി |
| ഈറൻ ചേലയുടുത്ത നിശീഥിനി | – | മഴയിൽ നനഞ്ഞ് നിൽക്കുന്ന രാത്രി |

***ഈ രീതിയിൽ പ്രയോഗഭംഗികൾ കണ്ടെത്തുന്നതിനും അത് വിശകലനം ചെയ്യുന്നതിനുമുള്ള ഒരു പ്രവർത്തനം നടന്നു കഴിഞ്ഞ് 'വെള്ളപ്പൊക്കം' എന്ന കവിതാപഠനത്തിലേക്ക് ഘട്ടങ്ങൾ അനുസരിച്ച് കവിതയിലൂടെ കടന്നുപോകുകയും പ്രയോഗഭംഗി കണ്ടെത്തുകയും ചെയ്യുക.***

**പ്രവർത്തനകാർഡ് 7 സി**

| |
|---|
| പ്രയോഗഭംഗി വിശദീകരിക്കാം |

**പ്രവർത്തനം 8 – ഉപന്യാസം എഴുതാം**

**ആശയം/ധാരണ**

ഉപന്യാസം തയ്യാറാക്കുമ്പോൾ ആശയം, ഘടന, ഭാഷ, തലക്കെട്ട് എന്നിവയ്ക്ക് ഊന്നൽ നൽകേണ്ടതാണ് എന്ന് തിരിച്ചറിയുന്നു.

ചിത്രവായനയിൽ നിന്നും ആശയങ്ങൾ കണ്ടെത്തി സർഗാത്മകരചനകൾ നടത്തുന്നതിൽ പ്രാവീണ്യം നേടുന്നു.

ചിത്രവായനയിലേക്ക് കുട്ടികളെ നയിക്കുന്നതിലൂടെയാണ് പ്രവർത്തനം ആരംഭിക്കുന്നത്.

***ചിത്രങ്ങളിൽ കാണുന്നവയെന്തൊക്കെയാണ്. കുട്ടികൾ നോട്ടുബുക്കുകളിൽ വ്യക്തിഗതമായി പദങ്ങൾ എഴുതുന്നു – അവതരണം.***











**പ്രവർത്തനകാർഡ് 8 എ**


| കണ്ടെത്താം എഴുതാം |
| --- |


കണ്ടെത്തിയ പദങ്ങൾ ഉപയോഗിച്ച് ആശയപട രചനയിലേക്ക് – നയിക്കുന്ന ചർച്ച.

ഈ ചിത്രവും നമ്മൾ കണ്ടെത്തിയ പദങ്ങളും ഏതുമായി ബന്ധപ്പെട്ടവയാണ്?

ടീച്ചർ ചാർട്ടിൽ പരിസ്ഥിതി മലിനീകരണം എന്ന് എഴുതി ആശയപടം തയ്യാറാക്കുന്നതിലേക്ക് കുട്ടികളെ നയിക്കുന്നു.

## പ്രവർത്തനകാർഡ് 8 ബി




**ഉപന്യാസ രചനയിലേക്ക്**

ഉപന്യാസം എഴുതുമ്പോൾ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത് എന്ന ചോദ്യത്തിലൂടെ കുട്ടികളിൽ നിന്ന് തന്നെ പ്രധാന ആശയങ്ങൾ രൂപീകരിക്കുക. അവ ചാർട്ടിൽ രേഖപ്പെടുത്തുക.

- ആരംഭത്തിൽ വിഷയാവതരണമാണ് – എന്താണ് വിഷയം, വിഷയത്തിന്റെ സാധ്യതകൾ, ഉപവിഷയങ്ങൾ എന്നിവ ഉപന്യാസത്തിന്റെ ആമുഖമായി കൊടുക്കാം.
- ഖണ്ഡികാകരണം പാലിച്ച് എഴുതാൻ ശ്രദ്ധിക്കണം
- ഓരോ ഖണ്ഡികയിലും ഒന്നോ രണ്ടോ ഉപവിഷയങ്ങൾ ഉൾപ്പെടുത്താം.
- ഓരോ ഖണ്ഡികയിലും ആശയക്രമീകരണവും സമഗ്രതയും ശ്രദ്ധിക്കേണ്ടതാണ്.
- ഉപന്യാസത്തിന് ഒരു തലക്കെട്ട് നൽകണം.
- വിഷയത്തെക്കുറിച്ചുള്ള പൊതുവായ കാഴ്ചപ്പാട്, സ്വന്തം നിലപാട്, നിരീക്ഷണങ്ങൾ, എന്നിവ ഉൾപ്പെടുത്തി ഉപസംഹാരം നടത്താവുന്നതാണ്.

**പ്രവർത്തനകാർഡ് 8 സി**

| |
|---|
| പരിസ്ഥിതി മലിനീകരണം ഉപന്യാസം |

**പ്രവർത്തനം 9 – വായിക്കാം ആസ്വദിക്കാം**

**ശേഷികൾ/ധാരണകൾ**

- കഥകളിലെ വ്യത്യസ്തമായ രചനാതന്ത്രങ്ങൾ തിരിച്ചറിയുന്നു.
- രചനാരീതി, സാമൂഹിക പ്രസക്തി, വൈവിധ്യം തുടങ്ങിയവ പരിഗണിച്ച് കഥ ആസ്വദിക്കുന്നു.

***അടിസ്ഥാന പാഠാവലിയിലെ രണ്ടാമത്തെ യൂണിറ്റ് കഴിഞ്ഞോ മൂന്നാംയൂണിറ്റിലെ പ്രവർത്തനങ്ങൾ തുടരുമ്പോഴോ നൽകാവുന്ന പ്രവർത്തനമാണിത്.***

അധ്യാപിക, കുട്ടികൾക്ക് അറിയാവുന്ന കഥകളെക്കുറിച്ച് പറയാൻ ആവശ്യപ്പെടുന്നു.

- മുൻക്ലാസുകളിൽ പരിചയപ്പെട്ടവ
- മറ്റ് പുസ്തകങ്ങളിൽ നിന്നും വായിച്ചിട്ടുള്ളവ
- .

തുടർന്ന് ഒരു കുഞ്ഞിക്കഥ വായിക്കാം എന്ന രീതിയിൽ ഈ കഥ വായിക്കാൻ നൽകുന്നു.

(കോപ്പിനൽകുകയോ, ചാർട്ടിൽ പ്രദർശിപ്പിക്കുകയോ ആവാം)

***ആകാശത്തോളം ഉയരമുള്ള കർപ്പൂരമാവിന്റെ ഏറ്റവും മുകളിലെ ചില്ലക്കൊമ്പത്ത് കുറുവാലിയണ്ണാൻ കൂടു പണിതു. നല്ല ചേലൊത്ത കൂട്. കമ്പുകൊണ്ടും ചകിരി കൊണ്ടും തീർത്ത കൂട്. ഒതുക്കമുള്ള കുഞ്ഞു കൂട്.***

***അതിൽ കുറുവാലിയും പൊന്നോമനക്കുഞ്ഞും സുഖമായ് താമസിക്കുകയാണ്. ഇളങ്കാറ്റു താരാട്ടു പാടും. മഴവില്ലു വന്നു തലോടും. നക്ഷത്രങ്ങൾ ഉമ്മവെയ്ക്കും. അവർ സുഖമായി താമസിക്കുകയാണ്.***

***തൊട്ടടുത്ത് ഒരു കൂറ്റൻ തെങ്ങുണ്ട് കൊന്നത്തെങ്ങ്. ഹൊ എന്താ ഉയരം! അതിൽ ഒരു കറുമ്പി കാക്ക. അവളും ഒരു കൂടു കെട്ടി, പരുപരുത്ത ഉണക്ക ചുള്ളികൊണ്ട്. അവൾ കുറുവാലിയുടെ കൂടു നോക്കി. അകം പട്ടുമെത്തപോലെ. തന്റെ കൂടോ? കാക്കയ്ക്കു നിരാശയും അസൂയയും തോന്നി.***

***ഒരു ദിവസം കുറവാലി കൂട്ടിലില്ലാത്ത സമയം, കാക്ക വട്ടം ചുറ്റിപ്പറന്നു നോക്കി. മാറ്റാമെരങ്കിലും അടുത്തെങ്ങാനും ഉണ്ടോ? ചാഞ്ഞും ചരിഞ്ഞും നോക്കി. ഇല്ല ആരുമില്ല. ഇതു തന്നെ പറ്റിയസമയം അവൾ പാഞ്ഞുചെന്ന് കൂർത്ത കൊക്കുകൊണ്ട് കുറുവാലിയുടെ കൂട്***

*കൊത്തി വലിച്ച് താഴേക്കിട്ടു കൂട്ടിൽ നിന്നും ഒരു കുഞ്ഞു നിലവിളി ഉയർന്നു. കൂട് താഴേക്കു വീഴുകയാണ്. താഴേക്കു വീഴുകയാണ്. കർപ്പൂരമാവ് നിലവിളി കേട്ടു. അതാ കുഞ്ഞും കൂടും താഴേക്കു വീഴുന്നു. മാവ് ചില്ലക്കൈകൾ നീട്ടി. കൂട് അതിൽ തട്ടി തടഞ്ഞ് ഉലഞ്ഞ് ഉടക്കി ഒരു നിമിഷം നിന്നു. മാവ് ആശ്വസിച്ചു. പക്ഷെ വീഴ്ചയുടെ ശക്തികൊണ്ടാവും കൂട് തെന്നിയിളകി വീണ്ടും താഴേക്ക്. പാവം കുഞ്ഞ് ...... അതിന്റെ കുഞ്ഞിക്കാലുകൾ മുറിഞ്ഞു ചോര പൊടിഞ്ഞു. വേദനിച്ചും പേടിച്ചും നിലവിളിച്ച് കുഞ്ഞ് താഴേക്ക് .*

*ആ നിലവിളി കൂട്ടുകാരെല്ലാം കേട്ടു. കുഞ്ഞിനെ രക്ഷിക്കണം. അവർ താഴെ വല വിരിച്ചു നിന്നു. കൂടും കുഞ്ഞും വലയിൽ. എല്ലാവർക്കും സന്തോഷമായി. ദൂരെനിന്നും കുറുവാലി പാഞ്ഞെത്തി. എന്റെ പുന്നാരമുത്തേ, എന്തെങ്കിലും പറ്റിയോ? പുലരിപോലെ കുഞ്ഞു ചിരിച്ചു എല്ലാവരുടെയും മുഖത്ത് പ്രകാശംപരന്നു.*

*അപ്പോഴാണ് അക്കാര്യം ശ്രദ്ധിച്ചത് കുറുവാലിയുടെ കൂട് തകർന്നുപോയിരുന്നു വീഴ്ചയുടെ ശക്തി അത്രയ്ക്കുണ്ടായിരുന്നു. ഏതായാലും കുഞ്ഞു രക്ഷപ്പെട്ടല്ലോ അതുമതി. എന്നാലും ഇനി എവിടെ താമസിക്കും, കുറുവാലിക്കു സങ്കടം. അവളുടെ കണ്ണു നിറഞ്ഞൊഴുകി. വെയിലും കാറ്റും മഞ്ഞും കൊള്ളാതെ കുഞ്ഞിനെ വളർത്താൻ ഒരു കൂടു ഇല്ലെങ്കിൽ മരച്ചില്ല യിൽ വെറുതേ വയ്ക്കാൻപറ്റുമോ? കൂട്ടുകാർ ആലോചിച്ചു. അവർ കൂടുണ്ടാക്കാൻ തീരുമാനി ച്ചു. പിന്നെ എല്ലാം പെട്ടന്നായിരുന്നു. നല്ല ഒന്നാന്തരമൊരു കൂട് അവർ പണിതുനൽകി.*

*കർപ്പൂര മാവ് ഇതെല്ലാം കാണുന്നുണ്ടായിരുന്നു. മാവിനു കൂട്ടുകാരോട് കൂടുതൽ ഇഷ്ടം തോന്നി. അത് ചില്ലകൾ കുലുക്കി മധുരമുള്ള തേനൂറും മാങ്ങകൾ മഴപോലെ തുരുതുരാ താഴേക്ക്.*

*കഥാവായനയ്ക്ക് ശേഷം കഥയുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾ പ്രദർശിപ്പിച്ച് ഒരു ചർച്ച യിലേക്ക് കുട്ടികളെ നയിക്കുക.*

ഗ്രൂപ്പ് ചർച്ചയ്ക്ക് അവസരം നൽകണം.

**കഥാചർച്ച**

- കഥയിലെ സംഭവങ്ങൾ
- അതിലെ പ്രധാന കഥാപാത്രങ്ങൾ
- കഥയിലെ പ്രയോഗസവിശേഷതകൾ
- കഥ നൽകുന്ന സന്ദേശം
- കഥയുടെ സാമൂഹിക പ്രസക്തി
- രചനാരീതിയുടെ പ്രത്യേകതകൾ

ഗ്രൂപ്പിൽ ക്രോഡീകരണം അവതരണം

കുട്ടികൾ പറയുന്ന ആശയങ്ങൾ ടീച്ചർ ....... രേഖപ്പെടുത്തുന്നു.

തുടർന്ന് കഥയ്ക്ക് തലക്കെട്ട് നൽകി ആസ്വാദനം തയാറാക്കാൻ നിർദേശിക്കാം.

ആസ്വാദനക്കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കുന്നതിനും നേരത്തെയുള്ള ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നതിനും നിർദേശിക്കാവുന്നതാണ്.

**അവതരണം വിലയിരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കുട്ടികളുമായി നടത്തുന്ന ചർച്ചയിലൂടെ രൂപീകരിക്കേണ്ടതാണ്.**

വായിച്ച കഥാഭാഗവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

- വായിച്ച കഥാഭാഗത്തെക്കുറിച്ച് അനുയോജ്യമായ ഭാഷയിൽ എഴുതിയിട്ടുണ്ട്.
- രചനാപരമായ സവിശേഷതകൾ സൂചിപ്പിച്ചിട്ടുണ്ട്.
- ആശയങ്ങളുടെ സമകാലിക പ്രസക്തി കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്.

ഗ്രൂപ്പുകളുടെ അവതരണം

രചനകൾവിലയിരുത്തി മികവുകൾ സൂചിപ്പിക്കുന്നതിലൂടെ മികവാർന്ന ആസ്വാദനക്കുറിപ്പ് വ്യക്തിഗതമായി തയാറാക്കുന്നതിന് കുട്ടികളോട് ആവശ്യപ്പെടാവുന്നതാണ്.

**പ്രവർത്തനകാർഡ് 9 എ**

ആസ്വാദനക്കുറിപ്പ്

***പാഠപുസ്തകത്തിലെ 'ഒരു മനുഷ്യൻ','നൈൽനദിയിലെ ഓളങ്ങൾ'... 'മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും' തുടങ്ങിയ കഥകൾ ആസ്വാദനക്കുറിപ്പ് തയാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകാവുന്നതാണ്.***

**X.പ്രവർത്തനം - കഥയെഴുതാം**

ആശയം /ധാരണ

ആകർഷകവും ജിജ്ഞാസയുണർത്തുന്നതുമായ ആഖ്യാനരീതിയിൽ കഥാവസ്തു, കഥാപാത്രങ്ങൾ എന്നിവയെ ഭാവനാത്മകമായി അവതരിപ്പിക്കുന്നതാണ് കഥ.

കുട്ടികൾക്ക് ഇഷ്ടമുള്ള മൃഗങ്ങളുടെയും, പക്ഷികളുടെയുമൊക്കെ ചിത്രം വരച്ചുകൊണ്ട് പ്രവർത്തനം ആരംഭിക്കാം. ചിത്രങ്ങൾക്ക് പേരു നൽകുന്നതിന് ആവശ്യപ്പെടാം.

**പ്രവർത്തനകാർഡ് 10 എ**

ചിത്രം വരക്കാം പേരു നൽകാം.

തുടർന്ന് കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കുന്നതിനായി ആ ചിത്രങ്ങളിലെ ജീവികളെ ബന്ധിപ്പിക്കുന്ന തരത്തിൽ അധ്യാപികയ്ക്ക് പ്രവർത്തനങ്ങൾ നൽകാവുന്നതാണ്.

**ഉദാഹരണം**

**പകരം പദമെഴുതൂ.**

ഒരു കുളക്കോഴി പുഴയുടെ കരയിലൂടെ മെല്ലെ നടന്നു പോവുകയായിരുന്നു. ഒരു കുറുക്കൻ വേഗത്തിൽ തന്റെ പിന്നാലെ വരുന്നത് അവൾ കണ്ടു. കുളക്കോഴിയെ എളുപ്പത്തിൽ പിടിക്കാമെന്നായിരുന്നു അവന്റെ തോന്നൽ. പെട്ടെന്ന് അവൾ പറന്ന് മരക്കൊമ്പിലിരുന്നു. അവൻ ചങ്ങാത്തം അഭിനയിച്ചു. കുറുക്കനെ കളിയാക്കിക്കൊണ്ട് അവൾ പറഞ്ഞു ശക്തനായാൽ പോരാ. ബുദ്ധിയും വേണം കുറുക്കനു കോപം വന്നു.

നൽകിയ പ്രവർത്തനത്തിൽ അടിയിൽ വരച്ചവയ്ക്ക് പകരം പദം കണ്ടെത്തി എഴുതുന്നു (വ്യക്തിഗതം)

ക്ലാസിൽ പൊതുവിൽ അവതരിപ്പിക്കാൻ അവസരം നൽകേണ്ടതാണ്.

സവിശേഷമായ പദങ്ങൾ എഴുതി പ്രദർശിപ്പിക്കാൻ ശ്രദ്ധിക്കണം.

കഥ തുടർന്ന് എഴുതുന്നതിനുള്ള പ്രവർത്തനമാണ് പിന്നീട് നൽകേണ്ടത്.

അതായത് ഈ സന്ദർഭത്തിൽ

- കുളക്കോഴിയോട് ദേഷ്യം തോന്നിയപ്പോൾ കുറുക്കൻ എന്ത് ചെയ്തിട്ടുണ്ടാവും?
  എന്ന ചോദ്യം ഉന്നയിക്കാം.
  കൂടുതൽ കഥാപാത്രങ്ങളെ ഉൾപ്പെടുത്തി കഥ പൂർത്തിയാക്കി പറയുന്നതിനും എഴുതുന്നതിനും പ്രവർത്തനം നൽകുക.
  കഥക്ക് പേരും നൽകേണ്ടതാണ്.

### പ്രവർത്തനകാർഡ്10ബി

കഥ എഴുതാം

കഥാസന്ദർഭങ്ങളും, കഥാപാത്രങ്ങളും മാറ്റി നൽകി സ്വതന്ത്രമായ കഥാരചനയിലേക്ക് കുട്ടികളെ നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവർത്തിക്കുക.

**കഥകൾ ക്ലാസിൽ അവതരിപ്പിക്കുന്നതിനും പരസ്പരം വിലയിരുത്തുന്നതിനും അവസരമൊരുക്കുന്നു.**

- ആശയവതരണത്തിലെ പുതുമയും ശക്തിയും
- ഭാഷാശൈലി
- വായന
- ആകർഷകമായ തുടക്കം, ഒടുക്കം
- കഥാഗതിയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളുടെ ഔചിത്യം
- തലക്കെട്ടിന്റെ ഭംഗി

### പ്രവർത്തനകാർഡ് 10 സി

കഥ എഴുതാം.

വ്യത്യസ്ത സന്ദർഭങ്ങൾ നൽകി കഥാരച
നക്കായി കൂടുതൽ പ്രവർത്തനങ്ങൾ
നൽകാൻ ശ്രദ്ധിക്കുമല്ലോ!

******************************